
Sunday
Vol. 12 No. 43
CYCLE - A
# വെർബും ദോമിനി
VERBUM DOMINI
ഞായറാഴ്ച ദിവ്യബലിയിലെ സജീവ പങ്കാളിത്തത്തിന് സഹായിക്കുന്ന ലഘുലേഖ
2023 സെപ്റ്റംബർ 10

## ആണ്ടുവട്ടത്തിലെ ഇരുപത്തിമൂന്നാം ഞായർ

# സഹോദരരുടെ തെറ്റുകൾ ഹൃദയപൂർവ്വം ക്ഷമിക്കാം

ഫാ. തോമസ് ഇനോസ്



ഇന്നത്തെ ഒന്നാം വായനയിൽ പ്രവാചക ദൗത്യത്തിനായി വിളിക്കപ്പെട്ട എസെക്കിയേൽ പ്രവാചകന് ദൈവം നൽകുന്ന മുന്നറിയിപ്പാണ് നാം കാണുക. ദുഷ്ടൻ ദുഷ്ടതയിൽ മരിക്കാൻ ദൈവം ആഗ്രഹിക്കുന്നില്ല. അവനെ വീണ്ടെടുക്കാൻ പ്രവാചകനെ അവിടുന്ന് ചുമതലപ്പെടുത്തുന്നു. ദൈവം നൽകിയ ദൗത്യം പ്രവാചകൻ വിശ്വസ്തതാപൂർവ്വം നിറവേറ്റാതിരുന്നാൽ ദുഷ്ടന്റെ മരണത്തിന്റെ ഉത്തരവാദിത്വം പ്രവാചകനാണ്. എന്നാൽ ദുഷ്ടന് മുന്നറിയിപ്പ് നൽകുകയും, എന്നാൽ അവൻ ദുഷ്ടതയിൽ നിന്ന് പിൻതിരിയാതിരിക്കുകയും ചെയ്താൽ അവന്റെ മരണത്തിന്റെ ഉത്തരവാദിത്വം അവന് മാത്രമാണ്. നമ്മുടെ കുടുംബ പശ്ചാത്തലത്തിൽ ഇന്നത്തെ ഒന്നാം വായന നൽകുന്ന സന്ദേശം മാതാപിതാക്കന്മാർ പ്രവാചകന്മാരാകണമെന്നാണ്. കാലഘട്ടങ്ങൾക്കനുസൃതമായി ദൈവസ്വരം ശ്രവിച്ച് കുടുംബത്തെ വിശുദ്ധീകരിക്കാൻ അവിടുന്ന് നമുക്ക് ആഹ്വാനം നൽകുന്നു.

ഈ പശ്ചാത്തലത്തിൽ വചനത്തിന് കൂടുതൽ പ്രാധാന്യം നൽകുവാൻ സങ്കീർത്തകൻ ഉപദേശിക്കുന്നു. "നിങ്ങൾ ഇന്ന് അവിടുത്തെ സ്വരം ശ്രവിച്ചിരുന്നെങ്കിൽ! നിങ്ങൾ ഹൃദയം കഠിനമാക്കരുത്." വചനത്തെ പരീക്ഷിക്കാതെ, ഉള്ളാലെ ഉൾക്കൊണ്ട് വചനത്തിന് ജീവൻ നൽകുവാൻ (പരിശുദ്ധ അമ്മയെപ്പോലെ) ദൈവാരാധനയിലേക്കും, സ്തുതികളിലേക്കും, കീർത്തനങ്ങൾ ആലപിക്കുന്നതിലേക്കും സങ്കീർത്തകൻ നമ്മെ സ്വാഗതം ചെയ്യുന്നു. ഈ കീർത്തനങ്ങളും, ആരാധനകളും മനുഷ്യ സ്തുതിക്ക് ഉപയോഗിക്കാതെ, മറ്റു മനുഷ്യരെ ശ്രേഷ്ഠരായി കണ്ടുകൊണ്ട് ദൈവത്തെ ആരാധിക്കാൻ വി. പൗലോസ് അപ്പസ്തോലൻ രണ്ടാം വായനയിൽ നമ്മോട് ആഹ്വാനം ചെയ്യുന്നു. അപ്പസ്തോലൻ പറയുന്നു: "പരസ്പരം സ്നേഹിക്കുക എന്നതൊഴികെ നിങ്ങൾക്ക് ആരോടും ഒരു കടപ്പാടുണ്ടാകരുത്. എന്തെന്നാൽ അയൽക്കാരനെ സ്നേഹിക്കുന്നവൻ നിയമം പൂർത്തീകരിക്കുന്നു."

ഈ നിയമം പൂർത്തീകരിക്കപ്പെടുന്നത് സഹോദരനെ നേടിയെടുക്കുമ്പോഴാണ്. ദൈവത്തിൽ നിന്ന്, മനുഷ്യരിൽ നിന്ന്, സൃഷ്ടപ്രപഞ്ചത്തിൽ നിന്ന്, തന്നിൽ നിന്ന് തന്നെ അകന്ന് പോകുന്ന മനുഷ്യനെ യേശുവിന്റെ ഉള്ളാലെ ചേർക്കുന്ന ഈ ഉൾസ്നേഹം കൊണ്ട് നേടുമ്പോൾ ഇന്നത്തെ സുവിശേഷം നമ്മുടെ ജീവിതത്തിലും ജീവനുള്ളതായി മാറുന്നു. "ഞാൻ വന്നിരിക്കുന്നത് ജീവൻ നൽകാനും അത് സമൃദ്ധമായി നൽകാനുമാണ്." യേശു കേസറിയ ഫിലിപ്പി പ്രദേശത്ത് വച്ച് നൽകിയ അധികാരത്തിന്റെ വാഗ്ദാനം ഇന്ന് അവിടുന്ന് ഒന്നുകൂടി ഓർമ്മിപ്പിക്കുന്നു. ഒപ്പം രണ്ടുപേർ യോജിച്ചു ചേർന്ന് ചോദിക്കുന്ന ഏത് കാര്യവും സ്വർഗ്ഗസ്ഥനായ പിതാവ് നിറവേറ്റി തരും എന്ന വാഗ്ദാനവും നൽകുന്നു. ചുരുക്കത്തിൽ ഇന്നത്തെ വായനകളെല്ലാം നമ്മോട് ആവശ്യപ്പെടുന്നത് ദൈവത്തെ ആരാധിക്കാനും, സഹോദരങ്ങളെ വീണ്ടെടുക്കാനും, സഹോദര സ്നേഹത്തിൽ നിലനിൽക്കാനും, അതുവഴി നിത്യരക്ഷ പ്രാപിക്കാനുമാണ്.

ഒരുവന്റെ തിരിച്ചുവരവ് നാം ആഗ്രഹിക്കുന്നെങ്കിൽ പരസ്യശാസന കൊണ്ടോ, കുറ്റപ്പെടുത്തൽ കൊണ്ടോ സാധിക്കില്ല. മറിച്ച് അത് അവനിൽ ദ്വേഷ്യവും, വൈരാഗ്യവും, പ്രതികാര മനോഭാവവുമാകും വളർത്തുക. അതുകൊണ്ടാണ് ക്രിസ്തു പറയുന്നത്: "നീയും അവനും മാത്രമായിരിക്കുമ്പോൾ ചെന്ന് ആ തെറ്റ് അവനു ബോധ്യപ്പെടുത്തിക്കൊടുക്കുക." കുടുംബ ജീവിതത്തിൽ ഭർത്താവിന്റെ അല്ലെങ്കിൽ ഭാര്യയുടെ കുറവുകൾ തിരുത്താൻ ആഗ്രഹിക്കുന്ന ദമ്പതിമാർ ബന്ധുക്കളുടെയും, മക്കളുടെയും മുന്നിൽ വച്ച് കുറ്റപ്പെടുത്തി തിരുത്താൻ ശ്രമിച്ചാൽ അപകടങ്ങളിലേക്കായിരിക്കും നീങ്ങുക. എന്നാൽ അവൻ/അവൾ തനിയെയായിരിക്കുമ്പോൾ സ്നേഹപൂർവ്വം തിരുത്തിയാൽ മാനസാന്തരം സാധ്യമാകും. ഒരു സ്കൂളിൽ വികൃതിത്തരം കാട്ടുന്ന കുട്ടി, പലപ്പോഴും പരസ്യമായി ശിക്ഷയും, ശിക്ഷണവും കിട്ടിയിട്ടുണ്ടെങ്കിലും അവന് ഒരു മാറ്റവും സംഭവിച്ചില്ല. എന്നാൽ ഒരു ദിവസം ക്ലാസ്സ് കഴിഞ്ഞ് മടങ്ങവേ അധ്യാപിക തന്നോടൊപ്പം അവനെയും കൂട്ടി. യാത്രയിൽ അവന്റെ കുറവുകൾ സ്നേഹത്തോടെ തിരുത്തി. പിറ്റേന്ന് മുതൽ അവൻ അനുസരണയുള്ള കുട്ടിയായി മാറി. അതെ, സ്നേഹം കലർന്ന തിരുത്തലുകൾ തീർച്ചയായും ലക്ഷ്യം കാണും. സ്നേഹത്തോടെയുള്ള തിരുത്തലുകളിലൂടെ സഹോദരനെ നേടുക എന്ന ഈശോയുടെ വാക്കുകൾ പ്രാവർത്തികമാക്കിക്കൊണ്ട് സഹോദരങ്ങളെ വീണ്ടെടുക്കാനും, സഹോദര സ്നേഹത്തിൽ നിലനിൽക്കാനും, അതുവഴി നിത്യരക്ഷ പ്രാപിക്കാനും നമുക്ക് കഴിയുമാറാകട്ടെ. അതിന് ദൈവം നമ്മെ സഹായിക്കട്ടെ.

**ആമുഖം** സ്നേഹമുള്ളവരെ, ഇന്നത്തെ സുവിശേഷത്തിലൂടെ തെറ്റ് ചെയ്ത സഹോദരനെ നേടിയെടുക്കേണ്ടത് എപ്രകാരമാണെന്ന് യേശുനാഥൻ നമ്മെ പഠിപ്പിക്കുന്നു. അതോടൊപ്പം സമൂഹ പ്രാർത്ഥനയുടെ പ്രാധാന്യവും അവിടുന്ന് മനസ്സിലാക്കി തരുന്നു. ആയതിനാൽ നമ്മുടെ ഓരോ കുടുംബങ്ങളെയും, സഹോദരങ്ങളെയും പരമ പിതാവിന് സമർപ്പിക്കാം. തെറ്റ് ചെയ്ത സഹോദരനെ മറ്റുള്ളവരുടെ മുമ്പിൽ വച്ച് അപമാനിക്കാതെ, തനിച്ച് ആയിരിക്കുമ്പോൾ പറഞ്ഞ് മനസ്സിലാക്കി, അവനെ സ്വന്തമാക്കാൻ ശ്രമിക്കാം. ഏതൊരു പ്രതികൂല സാഹചര്യത്തെയും നേരിടുവാനുള്ള ആയുധം ഒരുമിച്ചുള്ള പ്രാർത്ഥനയാണെന്ന തിരിച്ചറിവിൽ കുടുംബാംഗങ്ങൾ ഒരുമിച്ച് കുടുംബപ്രാർത്ഥനയിൽ പങ്കെടുക്കുവാനുള്ള കൃപാവരത്തിനായും പ്രാർത്ഥിക്കാം. നാം ഒരുമിച്ച് പ്രാർത്ഥിക്കുമ്പോൾ നമ്മുടെ മധ്യേ യേശുവുണ്ട്. സ്വർഗ്ഗസ്ഥനായ പിതാവ് നമുക്കത് സാധിച്ചു തരികയും ചെയ്യും. ഈ വിശ്വാസത്തോടെ ബലിയർപ്പണത്തിനായി നമുക്കൊരുങ്ങാം.

## ഒന്നാം വായന

### എസെക്കിയേൽ പ്രവാചകന്റെ പുസ്തകത്തിൽനിന്ന് (33 : 7-9)

*(നീ ദുഷ്ടന് മുന്നറിയിപ്പ് നൽകാതിരുന്നാൽ അവന്റെ രക്തത്തിന് ഞാൻ നിന്നോടു പകരം ചോദിക്കും)*

കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു: മനുഷ്യപുത്രാ, ഇസ്രായേൽഭവനത്തിനു കാവൽക്കാരനായി ഞാൻ നിന്നെ നിയമിച്ചിരിക്കുന്നു. എന്റെ നാവിൽ നിന്നു വചനം കേൾക്കുമ്പോൾ നീ എന്റെ താക്കീത് അവരെ അറിയിക്കണം. ഞാൻ ദുഷ്ടനോട്, ദുഷ്ടാ, നീ തീർച്ചയായും മരിക്കും എന്നു പറയുകയും അവൻ തന്റെ മാർഗത്തിൽനിന്നു പിന്തിരിയാൻ നീ മുന്നറിയിപ്പു നൽകാതിരിക്കുകയും ചെയ്താൽ അവൻ തന്റെ ദുർവൃത്തിയിൽത്തന്നെ മരിക്കും. എന്നാൽ, അവന്റെ രക്തത്തിന് ഞാൻ നിന്നോട് പകരം ചോദിക്കും. ദുഷ്ടനോട് തന്റെ മാർഗത്തിൽനിന്നു പിന്തിരിയാൻ നീ താക്കീതു കൊടുത്തിട്ടും അവൻ പിന്തിരിയാതിരുന്നാൽ അവൻ തന്റെ ദുർവൃത്തിയിൽത്തന്നെ മരിക്കും. എന്നാൽ നീ നിന്റെ ജീവനെ രക്ഷിക്കും.

കർത്താവിന്റെ വചനം.

## പ്രതിവചനസങ്കീർത്തനം

### (95 : 1-2, 6-7, 8-9)

**നിങ്ങൾ ഇന്ന് അവിടുത്തെ സ്വരം ശ്രവിച്ചിരുന്നെങ്കിൽ! നിങ്ങൾ ഹൃദയം കഠിനമാക്കരുത്.**

വരുവിൻ, നമുക്കു കർത്താവിനു സ്തോത്രമാലപിക്കാം; നമ്മുടെ ശിലയെ സന്തോഷപൂർവം പാടിപ്പുകഴ്ത്താം. കൃതജ്ഞതാസ്തോത്രത്തോടെ അവിടുത്തെ സന്നിധിയിൽ ചെല്ലാം. ആനന്ദത്തോടെ സ്തുതിഗീതങ്ങൾ ആലപിക്കാം.

**നിങ്ങൾ ഇന്ന്.......**

വരുവിൻ, നമുക്കു കുമ്പിട്ട് ആരാധിക്കാം; നമ്മെ സൃഷ്ടിച്ച കർത്താവിന്റെ മുൻപിൽ മുട്ടുകുത്താം. എന്തെന്നാൽ, അവിടുന്നാണു നമ്മുടെ ദൈവം. നാം അവിടുന്നു മേയ്ക്കുന്ന ജനവും; അവിടുന്നു പാലിക്കുന്ന അജഗണം.

**നിങ്ങൾ ഇന്ന്.......**

മെരീബായിൽ, മരുഭൂമിയിലെ മാസ്സായിൽ, ചെയ്തതുപോലെ നിങ്ങൾ ഹൃദയം കഠിനമാക്കരുത്. അന്നു നിങ്ങളുടെ പിതാക്കൻമാർ എന്നെ പരീക്ഷിച്ചു; എന്റെ പ്രവൃത്തി കണ്ടിട്ടും അവർ എന്നെ പരീക്ഷിച്ചു.

**നിങ്ങൾ ഇന്ന്.......**

## രണ്ടാം വായന

### വി. പൗലോസ് അപ്പസ്തോലൻ റോമാക്കാർക്ക് എഴുതിയ ലേഖനത്തിൽനിന്ന് (13 : 8-10)

*(സ്നേഹം നിയമത്തിന്റെ പൂർത്തീകരണമാണ്)*

സഹോദരരേ, പരസ്പരം സ്നേഹിക്കുകയെന്നതൊഴികെ നിങ്ങൾക്ക് ആരോടും ഒരു കടപ്പാടുമുണ്ടാകരുത്. എന്തെന്നാൽ, അയൽക്കാരനെ സ്നേഹിക്കുന്നവൻ നിയമം പൂർത്തീകരിച്ചുകഴിഞ്ഞു. വ്യഭിചാരം ചെയ്യരുത്, കൊല്ലരുത്, മോഷ്ടിക്കരുത്, മോഹിക്കരുത് എന്നിവയും മറ്റേതു കൽപനയും, നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കണം എന്ന ഒരു വാക്യത്തിൽ സംഗ്രഹിച്ചിരിക്കുന്നു. സ്നേഹം അയൽക്കാരന് ഒരു ദ്രോഹവും ചെയ്യുന്നില്ല. അതുകൊണ്ടു നിയമത്തിന്റെ പൂർത്തീകരണം സ്നേഹമാണ്.

കർത്താവിന്റെ വചനം.

## അല്ലേലൂയാ!

**അല്ലേലൂയാ!** (2 Cor. 5 : 19) ദൈവം രമ്യതയുടെ സന്ദേശം നമ്മെ ഭരമേൽപ്പിച്ചുകൊണ്ട് ക്രിസ്തുവഴി ലോകത്തെ തന്നോട് രമ്യതപ്പെടുത്തുകയായിരുന്നു - അല്ലേലൂയാ!

## സുവിശേഷം

# മത്തായിയുടെ വിശുദ്ധ സുവിശേഷത്തിൽനിന്നുള്ള വായന (18 : 15-20)

*(അവൻ നിന്റെ വാക്കു കേൾക്കുന്നപക്ഷം, നീ നിന്റെ സഹോദരനെ നേടിക്കഴിഞ്ഞു)*

അക്കാലത്ത്, യേശു തന്റെ ശിഷ്യൻമാരോട് അരുളിച്ചെയ്തു: നിന്റെ സഹോദരൻ തെറ്റുചെയ്താൽ നീയും അവനും മാത്രമായിരിക്കുമ്പോൾ ചെന്ന് ആ തെറ്റ് അവനു ബോധ്യപ്പെടുത്തിക്കൊടുക്കുക. അവൻ നിന്റെ വാക്കു കേൾക്കുന്നെങ്കിൽ നീ നിന്റെ സഹോദരനെ നേടി. അവൻ നിന്നെ കേൾക്കുന്നില്ലെങ്കിൽ രണ്ടോ മൂന്നോ സാക്ഷികൾ ഓരോ വാക്കും സ്ഥിരീകരിക്കുന്നതിനുവേണ്ടി ഒന്നോ രണ്ടോ സാക്ഷികളെക്കൂടി നിന്നോടൊത്തുകൊണ്ടു പോവുക. അവൻ അവരെയും അനുസരിക്കുന്നില്ലെങ്കിൽ, സഭയോടു പറയുക; സഭയെപ്പോലും അനുസരിക്കുന്നില്ലെങ്കിൽ, അവൻ നിനക്കു വിജാതീയനെപ്പോലെയും ചുങ്കക്കാരനെപ്പോലെയും ആയിരിക്കട്ടെ. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗത്തിലും കെട്ടപ്പെട്ടിരിക്കും; നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗത്തിലും അഴിക്കപ്പെട്ടിരിക്കും. വീണ്ടും ഞാൻ നിങ്ങളോടു പറയുന്നു: ഭൂമിയിൽ നിങ്ങളിൽ രണ്ടുപേർ യോജിച്ചു ചോദിക്കുന്ന ഏതു കാര്യവും എന്റെ സ്വർഗസ്ഥനായ പിതാവ് നിറവേറ്റിത്തരും. എന്തെന്നാൽ, രണ്ടോ മൂന്നോപേർ എന്റെ നാമത്തിൽ ഒരുമിച്ചു കൂടുന്നിടത്ത് അവരുടെ മധ്യേ ഞാൻ ഉണ്ടായിരിക്കും.

കർത്താവിന്റെ സുവിശേഷം.

## വിശ്വാസികളുടെ പ്രാർത്ഥന

തയ്യാറാക്കിയത് : **സി. എവ്‌ലിൻ OHFS**

**കാർമ്മികൻ** : പ്രിയ സഹോദരരെ, നമ്മെ ശ്രവിക്കുന്ന സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുമ്പിൽ നമ്മുടെ എളിയ പ്രാർത്ഥനകളും, യാചനകളും സമർപ്പിക്കാം.

1. സ്നേഹ പിതാവായ ദൈവമേ, അവിടുത്തെ അജപാലന ദൗത്യം ഭരമേൽപ്പിച്ചിരിക്കുന്ന പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പയെയും, ഞങ്ങളുടെ രൂപതാദ്ധ്യക്ഷനെയും, മറ്റെല്ലാ സഭാപാലകരെയും അങ്ങെ തിരുഹൃദയത്തിൽ സമർപ്പിക്കുന്നു. ദൈവപ്രബോധനം വഴിയായും, സ്വജീവിതത്തിലൂടെയും ഉത്തമ ദൈവവിശ്വാസത്തിൽ അങ്ങെ ജനത്തെ വളർത്തുവാൻ വേണ്ട ജ്ഞാനവും, തീക്ഷ്ണതയും, ആയുരാരോഗ്യവും നൽകി ഇവരെ അനുഗ്രഹിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

2. ദൈവമേ, "ഭൂമിയിൽ നിങ്ങളിൽ രണ്ടുപേർ യോജിച്ചു ചോദിക്കുന്ന ഏതു കാര്യവും എന്റെ സ്വർഗസ്ഥനായ പിതാവ് നിറവേറ്റിത്തരും" എന്ന തിരുവചനത്തിൽ പൂർണ്ണ വിശ്വാസമർപ്പിക്കുന്ന ഞങ്ങളെ നീ അനുഗ്രഹിക്കണമെ. അങ്ങയുടെ മഹത്വത്തിനായുള്ള ഞങ്ങളുടെ പ്രവർത്തനങ്ങളിൽ പുരോഗതിയും, വിജയവും നൽകി ഫലദായകമാക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

3. കരുണാമയനായ ദൈവമേ, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മിഷൻ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ വൈദീകരെയും, സന്യസ്തരെയും, അൽമായ പ്രേഷിതരെയും അങ്ങെ തിരുമുമ്പിൽ സമർപ്പിക്കുന്നു. അങ്ങെ പരിശുദ്ധാത്മാവിന്റെ സംരക്ഷണവും, പ്രേഷിത ചൈതന്യവും നൽകി ഇവരെ അനുഗ്രഹിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

4. ശാന്ത സ്വരൂപനായ ദൈവമേ, ക്രിസ്തീയ വിശ്വാസം സ്വീകരിച്ചിരിക്കുന്ന ഓരോ വ്യക്തിയും നന്മയെ മുറുകെപ്പിടിച്ചുകൊണ്ട് തീക്ഷ്ണതയോടെ ആത്മാവിൽ ജ്വലിക്കുന്നവരായി കർത്താവിനെ ശുശ്രൂഷിക്കുവാനും, തങ്ങളുടെ സഹനങ്ങളിൽ നഷ്ടധൈര്യരാകാതെ പൂർണ്ണമായും അങ്ങിൽ മാത്രം ആശ്രയിച്ച് മുന്നോട്ട് നീങ്ങുവാനുമുള്ള കൃപകളും ദാനങ്ങളുമേകണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

5. ജീവന്റെ ഉറവയായ ദൈവമേ, ഈ ലോക ജീവിതാനന്തരം അങ്ങെ സവിധത്തിലായിരിക്കുന്ന ഞങ്ങളുടെ പ്രിയപ്പെട്ടവർക്കും, പ്രാർത്ഥിക്കുവാൻ ആരുമില്ലാതെ ശുദ്ധീകരണസ്ഥലത്തായിരിക്കുന്ന ആത്മാക്കൾക്കും നിത്യ പ്രകാശത്തിലേക്ക് വിളിക്കപ്പെടാനുള്ള യോഗ്യത നൽകണമെ. ഇവരുടെ പാപകടങ്ങൾ പൊറുത്ത്, നിത്യസൗഭാഗ്യത്തിന് ഇവരെ അർഹരാക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കാർമ്മികൻ** : ദൈവമേ, അങ്ങയുടെ നാമത്തിൽ ഒരുമിച്ചു കൂടിയിരിക്കുന്ന അങ്ങെ പ്രിയ മക്കളുടെ പ്രാർത്ഥന കനിവാർന്നു കൈക്കൊള്ളണെ.

ഞങ്ങളുടെ കർത്താവായ ........

## ഗാനങ്ങൾക്ക് (You Tube: Verbum Domini Songs)

ഗാനങ്ങൾ തെരഞ്ഞെടുത്തത്: സി. ഹെലീന ആൻബി A. S. A.

### പ്രവേശന ഗാനം

അനുരഞ്ജനത്തിന്റെ ബലിവേദിയിൽ
നാഥന്റെ കല്പന നിറവേറ്റുവാൻ
ഒരു മനമോടെ നാം അണിചേരവേ
പെസഹാ നാളിലെ ആത്മാർപ്പണം
കാൽവരി മലയിലെ യാഗാർപ്പണം
സാദരം കൊണ്ടാടും പുണ്യവേള (അനുരഞ്ജ.....)

നിൻ തിരുസുതനുടെ വിരുന്നിനായി
ഞങ്ങളെ പരിശുദ്ധ ബലിവേദി തൻ
ചുറ്റും നിരന്നിടാൻ യോഗ്യരാക്കൂ
ഹൃദയങ്ങൾ അറിയുന്ന ദൈവമേ....
ഓ... ആരാധന... ആരാധന....
ആരാധന... ആരാധന.... (2) (അനുരഞ്ജ.....)

### കാഴ്ചവയ്പ് ഗാനം

ബലിവേദിയിങ്കൽ തിരുയാഗദ്രവ്യമായ്
എൻ ജീവിതം നാഥനേകാം
കരുണാർദ്ര സ്നേഹം കരളിൽ നിറയ്ക്കൂ
കനിവോടെ അനുഗ്രഹിക്കൂ (ബലിവേദിയിങ്കൽ.....)

തിരുമുമ്പിൽ നിൽക്കുമീ നിമിഷം
എന്നിൽ സ്നേഹമില്ലെന്നോർത്തിടുന്നു (2)
കാഴ്ചയേകാനായ് വരുമ്പോൾ
ഉള്ളിൽ സോദര സ്നേഹം നിറയ്ക്കാം
എന്റെ ആത്മാവിൽ അൾത്താര തീർക്കാം
(ബലിവേദിയിങ്കൽ.....)

### ദിവ്യകാരുണ്യ ഗാനം

കൈവെള്ളയിൽ താണിറങ്ങി
നാവിൻ തുമ്പിൽ നീ അലിഞ്ഞു
നിത്യ ജീവൻ പകർന്നു തന്നു
വെണ്മയാർന്നോരോസ്തിയായ് (കൈവെള്ളയിൽ......)

ഈശോ അണയും നേരം
ജീവൻ ധന്യമാകും നിമിഷം
ഓ എൻ ഈശോ... അണയും നേരം...
കാത്ത വരമഴ തൻ സമയം

കൈവെള്ളയിൽ നീ വരുന്നു
കൈപിടിച്ചു വഴി നടത്താൻ
നാവിൽ നീ അലിഞ്ഞിടുന്നു
വചനത്തിൻ മധുമൊഴിയായ് (2)
ഹൃദയത്തിൽ നീ വസിപ്പൂ
ഹൃത്തിൻ തേങ്ങൽ കേട്ടിടാൻ (2) (ഈശോ......)

നീ വസിക്കുമെൻ ഹൃദയം
നിൻ ഹിതത്തിൻ ദൈവരാജ്യം
നീ പണിയുമെൻ ഭവനം
നിൻ സ്നേഹത്തിൻ സ്വർഗ്ഗരാജ്യം (2)
അങ്ങു വാസമായിടുമ്പോൾ
നിറവാകും കുറവുകൾ (2)
(കൈവെള്ളയിൽ......)

| Sep. | വിശുദ്ധർ | വായനകൾ |
|---|---|---|
| 11 Mon | St. Paphnutius | Col 1: 24--2: 3/ Ps 62: 6-7. 9/ Lk 6: 6-11 |
| 12 Tue | St. Ailbhe | Col 2: 6-15/ Ps 145: 1-2. 8-9. 10-11/ Lk 6: 12-19 |
| 13 Wed | St. John Chrysostom | Col 3: 1-11/ Ps 145: 2-3. 10-11. 12-13ab/ Lk 6: 20-26 |
| 14 Thu | St. Notburga | Num 21: 4b-9 or Phil 2: 6-11/ Ps 78: 1-2. 34-35. 36-37. 38/ Jn 3: 13-17 |
| 15 Fri | St. Valerian | Hebr 5: 7-9/ Ps 31: 2-3a. 3cd-4. 5-6. 15-16. 20/ Jn 19: 25-27 or Lk 2: 33-35 |
| 16 Sat | St. Cornelius | 1 Tm 1: 15-17/ Ps 113: 1-2. 3-4. 5a and 6-7/ Lk 6: 43-49 |




Sunday
വെർബും ദോമിനിയുടെ
പ്രസിദ്ധീകരണത്തിന് താങ്കളുടെ സഹായം
താഴെക്കാണുന്ന അക്കൗണ്ടിലേക്ക് അയക്കൂ

**Radio Maria Association**
A/c No. 10640200019090
IFSC FDRL0001064
Federal Bank, Aroor


Published by Fr. Rafi Kootumkal for Media Commission, Diocese of Cochin. For Private Circulation only.